**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3119** **18-06-2019 ൽ മറുപടിക്ക്**

**പട്ടയ വിതരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. രാജൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയ വിതരണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) അർഹരായ എല്ലാപേർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തൊട്ടാകെ നാളിതു വരെ 1,06450 പേർക്ക് പട്ടയം നൽകി യിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി ഒന്ന് ലാൻഡ് ട്രൈബ്യൂണൽ കേസുകളിൽ തീർപ്പ് കൽപ്പിക്കുകയും 67819 കുടുംബങ്ങൾക്ക് കുടിയായ്മ, കുടികിടപ്പ് തുടങ്ങിയ ഇനങ്ങളിൽ ക്രയസർട്ടിഫിക്കറ്റ് (എൽ.റ്റി പട്ടയം) നൽകിയിട്ടുണ്ട്. |
| (ബി) കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടിക വർഗക്കാർക്ക് വിതരണം ചെയ്യുന്നതിലേ ക്കായി കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹു. സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച 19000 ഏക്കർ ഭൂമി പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഉൾപ്പെട്ടു വരുന്ന പ്രസ്തുത ഭൂമിയിൽ നാളിതുവരെ 3554.61 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) 1) ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടികിടന്നിരുന്ന ഒരു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി ഒന്ന് കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 3 വർഷത്തിനകം തീർപ്പാക്കി അതിൽ 67,819 ആളുകൾക്ക് ക്രയ സർട്ടിഫിക്കറ്റ് (പട്ടയം) ലഭിക്കുകയുണ്ടായി. |

2) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ കേസുകൾ 500 ൽ താഴെയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

3) നാഷണൽ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ ജോലികൾ നിർവ്വഹിക്കാനുണ്ടായിരുന്ന 14 ഓഫീസുകളെ ലാൻഡ് ട്രൈബ്യൂണലിന്റെ അധികചുമതലയിൽ നിന്ന് ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു.

4) അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ ചുമതല നൽകി ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിക്കുകയുണ്ടായി

5) 1976 ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിൽ ഉള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് പ്രത്യേകം ലാൻഡ് ട്രൈബ്യൂണൽ ക്രയ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് സർക്കാർ വിജ്ഞാപനം ചെയ്യുകയുണ്ടായി.

6) കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**